പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2645 — 12/2/2019 ൽ മറുപടിക്ക്

## കൊല്ലം ജില്ലയിൽ കുളമ്പുരോഗനിയന്ത്രണ നടപടി

ചോദ്യം — മറുപടി

ശ്രീ.ആർ.രാമചന്ദ്രൻ : — അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | കൊല്ലം ജില്ലയിൽ എത്ര കന്നുകാലിചന്തകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നും കുളമ്പുരോഗം പടർന്നു പിടിച്ചതിനെത്തുടർന്ന് ഏതെല്ലാം കാലിചന്തകൾ നിർത്തി വച്ചുവെന്നും വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ ലഭ്യമാക്കുമോ; | എ) | കൊല്ലം ജില്ലയിൽ മാരാരിത്തോട്ടം, വയ്യാങ്കര, പാരിപ്പിള്ളി എന്നീ 3 കന്നുകാലിചന്തകൾ പ്രവർത്തിയ്ക്കുന്നു. കുളമ്പുരോഗം പടർന്നു പിടിച്ചതിനെ തുടർന്ന് മേൽ 3 കാലിച്ചന്തകളുടെയും പ്രവർത്തനം നിർത്തിവെപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ജില്ലാകളക്ടർക്ക് നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി) | ജില്ലയിലെ കുളമ്പുരോഗ വ്യാപനം നിയന്ത്രണവിധേയമായിട്ടുണ്ടോ; കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) | കൊല്ലം ജില്ലയിൽ കുളമ്പുരോഗ വ്യാപനം നിയന്ത്രണ വിധേയമായിട്ടുണ്ട്. രോഗവ്യാപനം തടയുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>എ) അസുഖം വന്ന കാലികളെ ചികിൽസിച്ചു<br>ബി) രോഗബാധ റിപ്പോർട്ട് ചെയ്ത പ്രദേശത്തിന് ചുറ്റുമുള്ള പ്രദേശങ്ങളിലെ കന്നുകാലികൾക്ക് കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നടത്തി.<br>സി) കന്നുകാലികളുടെ ട്രാൻസ്പോർട്ടേഷൻ നിയന്ത്രിച്ചു.<br>ഡി) രോഗനിയന്ത്രണത്തിനായി 3375 കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നടത്തി.<br>ഇ) ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂർ പരിശോധന ശക്തമാക്കി. |
| സി) | ജില്ലയുടെ പല ഭാഗത്തും അനധികൃത കാലിചന്തകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിനായി, നിർത്തി വച്ചിരിക്കുന്ന കാലിചന്തകൾ പുനരാരംഭി ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | കൊല്ലം ജില്ലയിൽ അനധികൃത കാലിചന്തകൾ പ്രവർത്തിയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ കുളമ്പുരോഗം നിയന്ത്രണ വിധേയമായതിനാൽ മേൽ സൂചിപ്പിച്ച 3 കാലിചന്തകളും തുറന്ന് പ്രവർത്തിപ്പിയ്ക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ മാതൃഭാഷ

നമ്പർ. DAHO-KLM/31513/2018-B

ജില്ലാ മൃഗസംരക്ഷണ ഓഫീസ്
കൊല്ലം. തീയതി:21/12/2018
ഫോൺ. 0474-2793464
e-mail. crukImahd@kerala.gov.in

COLLECTORATE 21 DEC 2018

ജില്ലാ മൃഗസംരക്ഷണ ഓഫീസർ

ജില്ലാ കളക്ടർ
കളക്ടറേറ്റ്
കൊല്ലം.

21 DEC 2018

സർ,

വിഷയം:- ജില്ലാ മൃഗസംരക്ഷണ ഓഫീസ്, കൊല്ലം - ജീവനക്കാര്യം - കുളമ്പുരോഗ പ്രതിരോധപ്രവർത്തനം - കാലിച്ചന്തകളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുന്നത്- സംബന്ധിച്ച്

സൂചന:-

കൊല്ലം ജില്ലയിൽ കുളമ്പുരോഗം പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ ജില്ലയിലെ താഴെപ്പറയുന്ന പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന 3 കാലിച്ചന്തകളുടെ പ്രവർത്തനം അടിയന്തരമായി നിർത്തിവയ്പ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

| പഞ്ചായത്ത് | കാലിച്ചന്തയുടെ പേര് |
|---|---|
| തൊടിയൂർ | മാരാരിത്തോട്ടം |
| ശൂരനാട് വടക്ക് | വയ്യാങ്കര (പ്രൈവറ്റ്) |
| കല്ലുവാതുക്കൽ | പാരിപ്പള്ളി |

വിശ്വസ്തതയോടെ,

ജില്ലാ മൃഗസംരക്ഷണ ഓഫീസർ

Signature valid
Digitally signed by SAJU S M
Date: 2018.12.21 10:42:38 IST
Reason: Approved

സെക്ഷൻ ഓഫീസർ